ഗാർഹികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ്

59 [1956] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മുഖേന ഗാർഹികാവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെയും നിലവിലുള്ള മണ്ണെണ്ണ പെർമിറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ പെർമിറ്റുടമയ്ക്കും പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഗാർഹികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണ് ;

(ഡി) ഈ മാനദണ്ഡം ഒഴിവാക്കിക്കൊണ്ട് പെർമിറ്റ് ആവശ്യമുള്ള എല്ലാ റേഷൻ കാർഡുടമകൾക്കും കുറഞ്ഞത് പ്രതിമാസം 10 ലിറ്റർ മണ്ണെണ്ണയെങ്കിലും ലഭ്യമാക്കുന്ന തരത്തിൽ ഒരു നിശ്ചിതതുക ആയുഷ്ക്കാല ഡെപ്പോസിറ്റ് സ്വീകരിച്ചു കൊണ്ട് പെർമിറ്റ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന മണ്ണെണ്ണ വിഹിതം സംസ്ഥാനത്തിന്റെ ആവശ്യകതയേക്കാൾ കുറവായതിനാൽ നിലവിലുള്ള പാചകാവശ്യ മണ്ണെണ്ണ പെർമിറ്റുകൾക്ക് (6 ലിറ്റർ പെർമിറ്റ്) പ്രതിമാസം 3 ലിറ്റർ വീതമാണ് ഇപ്പോൾ നൽകിവരുന്നത്.

(സി) എൽ.പി.ജി കണക്ഷൻ ഇല്ലാത്ത കാർഡുടമകൾക്കാണ് ഗാർഹികാവശ്യത്തിന് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നത്. എന്നാൽ കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന സംസ്ഥാന മണ്ണെണ്ണ വിഹിതം ഓരോ വർഷവും കുറച്ചുകൊണ്ടു വരുന്ന സാഹചര്യത്തിൽ നിലവിൽ പുതിയ ഗാർഹികാവശ്യ മണ്ണെണ്ണ പെർമിറ്റുകൾ അനുവദിക്കുന്നില്ല.

(ഡി) മണ്ണെണ്ണ വിഹിതം വർദ്ധിപ്പിച്ചുകിട്ടാതെ ഇത്തരത്തിലുള്ള പെർമിറ്റുകൾ നൽകുവാൻ നിർവാഹമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly